# ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി, ബി.എം.ടി വിംഗ്, പൂജപ്പുര

## ടെണ്ടർ /ലേല പരസ്യം

നമ്പർ. SCTIMST/CEBMT/2013 2015 ജൂലൈ 13.

ഡയറക്ടർ ശ്രീ ചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി ബി.എം.ടി വിംഗ്, പൂജപ്പുരയിൽ ഒരു പഴയ ഓടിട്ടതും, കരിങ്കല്ല്, ഇഷ്ടിക, ജി.ഐ ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ചതുമായ 157 മീറ്റർ സ്ക്വയർ വിസ്തീർണമുള്ളതുമായ കെട്ടിടവും (T.C.42/C-3963)അതിനടുത്തുള്ള ഒരു ചെറിയ ഷെഡും പൊളിക്കുന്നതിലെക്കായി 2015 ജൂലൈ 24, ഉച്ചക്ക് 2.30 നു പരസ്യമായി ടെണ്ടർ / ലേലം നടത്തുന്നതാണ്. ലേല ദിവസം പൊതു അവധിയായി വരികയോ, മറ്റെന്തെങ്കിലും കാരണത്താൽ ലേലം നടക്കാതെ വരികയോ ചെയ്താൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സ്ഥലത്തും സമയത്തും ലേലം നടത്തുന്നതാണ്. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർക്ക് ലേല ദിവസം ഒഴിച്ചുള്ള പ്രവൃത്തി ദിവസങ്ങളിൽ രാവിലേ 9.00 മണിക്കും വൈകുന്നേരം 4.00 മണിക്കും മധ്യേയുള്ള സമയങ്ങളിൽ ഓഫീസ് മേലധികാരിയുടെ അനുവാദത്തോടെ പരിശോധിക്കാവുന്നതാണ്.

## നിബന്ധനകൾ

ലേലത്തിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ കൃത്യ സമയത്ത് ഹാജരാകേണ്ടതും ലേല ദിവസം 24-07-2015 ഉച്ചക്ക് 1.00 മണിക്ക് മുൻപായി 2,500/- (രണ്ടായിരത്തി അഞ്ഞൂറ്) നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതാണ്. മേൽപ്പറഞ്ഞ കെട്ടിടം പൊളിക്കുന്നതിനു മുൻകൂറായി സീൽ വെച്ച ടെണ്ടറുകൾ സമർപ്പിക്കാവുന്നതാണ്. ടെണ്ടറുകൾ നല്കുവാൻ ആഗ്രഹിക്കുന്നവർ ആ വിവരം വെള്ളക്കടലാസിൽ എഴുതി മേൽപ്പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ഈ കാര്യാലയത്തിൽ കെട്ടിവച്ച രശീതി ഉൾപ്പടെ ഹെഡ്, ബി.എം.റ്റി. വിങ്ങ്, പൂജപ്പുര എന്ന് മുദ്രണം ചെയ്ത കവറിൽ 24-07-2015 തിയതി 1.00 മണിക്ക് മുൻപായി കിട്ടത്തക്കവണ്ണം നേരിട്ടോ തപലിലുടെയോ സമർപ്പിക്കാവുന്നതാണ്. നിരതദ്രവ്യം അടച്ചതായിട്ടുള്ള രശീതി ഇല്ലാത്ത ടെണ്ടറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെണ്ടറുകൾ അയക്കുന്ന കവറിനു പുറത്ത് മുകളിൽ ഇടതുവശത്തായി 'കെട്ടിടം പൊളിക്കുന്നതിലേക്കായുള്ള ടെണ്ടർ ' എന്ന് വ്യക്തമായി എഴുതിയിരിക്കണം. ഇപ്രകാരം ലഭിക്കുന്ന ടെണ്ടറുകൾ അന്നേ ദിവസം 24-07-2015 ന് നടത്തപ്പെടുന്ന പരസ്യ ലേലത്തിനോടൊപ്പം ലേലം കഴിഞ്ഞു തദവസരത്തിൽ സന്നിഹിതരായിട്ടുള്ള ടെണ്ടറുകാരുടെയോ അവരുടെ നിയമാനുസൃതമായ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ കുടുതൽ തുക കാണിക്കുന്നവർക്ക് ടി വകുപ്പ് മേലധികാരിയുടെ അംഗീകാരത്തിന് വിധേയമായി ലേലം സ്ഥിരപ്പെടുത്തുന്നതുമാണ്. ലേലം കൊള്ളുന്ന ആൾ നിരതദ്രവ്യം ഒഴിച്ചുള്ള ടെണ്ടർ / ലേലം തുക നിലവിലുള്ള സെയിൽസ് ടാക്സ് ഉൾപ്പടെ ഉടൻ തന്നെ ഈ കാര്യാലയത്തിൽ അടച്ചു രശീതി കൈപ്പറ്റേണ്ടതാണ്. ലേലം/ടെണ്ടർ ഉറപ്പിച്ച തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി ഈ കാര്യാലയത്തിൽ അടക്കേണ്ടതും ഈ തുക കെട്ടിടം പൊളിക്കുന്ന പണി പൂർത്തിയാക്കിയ ഉടനെ തിരിച്ചു നല്കുന്നതുമാണ്. മേൽപ്പറഞ്ഞ പണി ഒരു

മാസത്തിനകം പൂർത്തിയക്കെണ്ടതും നിശ്ചിത സ്ഥലത്തുള്ള കെട്ടിടത്തിൻറ ആവശിഷ്ടസാധനങ്ങൾ നീക്കി സ്ഥലം വൃത്തിയാക്കി നിരത്തി തരേണ്ടതുമാണ്.

മേൽ പ്രസ്താവിച്ച നിബന്ധനകൾക്ക് വിപരീതമായി ടെണ്ടർ / ലേലം കൊണ്ടയാൾ പ്രവർത്തിക്കുകയാണെങ്കിൽ മേൽപ്പറഞ്ഞ പണി പുനർലേലം ചെയ്യുന്നതും ആ വകയിൽ സർക്കാറിന് എന്തെങ്കിലും നഷ്ടം സംഭവിക്കുകയാണെങ്കിൽ ആയത് മുൻ ടെണ്ടർ /ലേലം കൊണ്ടായാളിൽ നിന്നും ഈടാക്കുന്നതും ടിയാൻ അടച്ച നിരതദ്രവ്യം അടക്കം ഉള്ള തുക സർക്കാരിലേയ്ക്ക് കണ്ടുകെട്ടുന്നതും നഷ്ട സംഖ്യ " കുടിശ്ശിക നിയമം " അനുസരിച്ച് ടിയനിൽ നിന്ന് വസൂലാക്കുന്നതുമാണ്. എന്നാൽ പുനർ ലേലത്തിൽ സർക്കാരിന് എന്തെങ്കിലും ലാഭം ഉണ്ടാവുകായായാണെങ്കിൽ ആയതിനു ടിയാന് യാതൊരുവിധ അർഹതയും ഉണ്ടായിരിക്കുന്നതല്ല. ലേലം കഴിഞ്ഞാലുടൻ ടെണ്ടർ/ലേലം നഷ്ട്ടപെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു കൊടുക്കുന്നതാണ്. ടെണ്ടർ/ലേലത്തിൽ പങ്കെടുക്കുന്നവർ മേൽ പ്രസ്താവിച്ച നിബന്ധനകൾ പൂർണ്ണമായും നിർബന്ധമായും പാലിക്കേണ്ടതാണ്.

ഈ ലേലവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി കൺസ്ട്രക്ഷൻ എഞ്ചിനീയർ , ബി.എം. റ്റി . വിംഗ് , പൂജപ്പുര ഓഫീസുമായി പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകുന്നേരം 4 മണിക്കും ഇടക്ക് സമീപിക്കാവുന്നതാണ്. അവിചാരിതമായ കാരണങ്ങളാൽ ലേലം നീട്ടിവയ്ക്കെണ്ടിവന്നാൽ ലേല നടപടികൾ നിർത്തി വയ്ക്കുന്നതിനും പ്രത്യേക കാരണങ്ങൾ ഒന്നും കൂടാതെ തന്നെ ലേലം സ്ഥിരപ്പെടുത്തുന്നതിനും അസ്ഥിരപെടുത്താനുമുള്ള പൂർണ്ണ അധികാരം ഈ വകുപ്പ് മേലധികാരിയിൽ നിക്ഷിപ്തമാണ്.

Sd/-

ഹെഡ്, ബി.എം.റ്റി. വിംഗ്

പൂജപ്പുര,തിരുവനന്തപുരം
ഫോൺ:0471-2520235